ആനകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി ശാസ്ത്രീയമായി വികസിപ്പിച്ചെടുത്ത ഡങ് ഡീകെ മെത്തേഡ് (Dung decay method) ആണ് സ്വീകരിക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി സഹകരിച്ച് ഒരേ ദിവസമാണ് കാട്ടാനകളുടെ കണക്കെടുപ്പ് നടത്തിയത്. ഈ കണക്കെടുപ്പ് രീതിയും തിട്ടപ്പെടുത്തിയ ആനകളുടെ എണ്ണവും MoEF (Project Elephant Division) - ന് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്.

വരയാടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി മൂന്നാർ ഡിവിഷനിലെ മൂന്ന് റെയിഞ്ചുകൾ കൂടാതെ മൂന്നാർ ലാന്റ്സ്കേപ്പിൽപ്പെടുന്ന മാങ്കുളം, മൂന്നാർ, മറയൂർ വനഡിവിഷനുകളിലും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ള Bounded Count Method ഉപയോഗിച്ചാണ് സെൻസസ് നടത്തുന്നത്. ഇപ്രകാരമുള്ള കണക്കെടുപ്പിലൂടെ വന്യജീവികളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്.

## മൃഗസംരക്ഷണ വകുപ്പ് നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

134 (2412) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)
1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
3. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം
4. ഊർജ്ജിത കന്നുകാലി വികസനം ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.
5. വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
6. കന്നുകാലി വികസന പദ്ധതി (കന്നുകുട്ടി പരിപാലന പരിപാടി)
7. ഗോവർദ്ധിനി

LIBRARY ARCHIVES Kerala Legislative Assembly

8. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
9. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)
10. വികസനവും പരിശീലനവും
11. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
12. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്
13. കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്ര വിഹിതം)
14. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (60% കേന്ദ്ര വിഹിതം)
15. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)
16. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)
17. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം.
18. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്കുള്ള ധനസഹായം
19. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം
20. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

<u>മൂലധന ശീർഷകത്തിലെ പദ്ധതികൾ</u>

21. മൃഗചികിത്സ സേവനവും മൃഗാരോഗ്യവും
22. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
23. കന്നുകാലി എരുമ സംവർദ്ധനം
24. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശക്തിപ്പെടുത്തൽ
25. വികസനവും പരിശീലനവും
26. ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ
27. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. - എം.പി.ഐ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly